REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 07-07-2026** | **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോയുമായി കൂടിക്കാഴ്ച നടത്തും.
- അഞ്ച് വർഷത്തിനിടെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട 30 കോടി ആളുകളുടെ ജീവിതത്തിൽ മന്ത്രാലയം പുതിയ ഊർജ്ജം പകർന്നതായി കേന്ദ്രമന്ത്രി അമിത് ഷാ.
- അനധികൃതമായി മയക്കുമരുന്നുകൾ വിതരണം ചെയ്യുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി രമേശ് ചെന്നിത്തല.
- സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- ഫിഫ ലോകകപ്പ് ഫുട്ബോളിൽ പോർച്ചുഗലിനെ പരാജയപ്പെടുത്തി സ്പെയിൻ ക്വാർട്ടറിൽ.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി ഔദ്യോഗിക സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോയുമായി കൂടിക്കാഴ്ച നടത്തും. പരസ്പര താൽപ്പര്യ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതിന് ധാരണാപത്രങ്ങളുടെ കൈമാറ്റത്തിനും ഇരുനേതാക്കളും സാക്ഷ്യം വഹിക്കും. തുടർന്ന് പ്രതിനിധി സംഘതല ചർച്ചകൾ നടത്തും.**

**ഇന്തോനേഷ്യയിലെ കൊംപ്ലെക്സ് പാർലമെന്റ് റിപ്പബ്ലിക്കിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഇന്ത്യൻ പ്രവാസികളുമായി അദ്ദേഹം**

സംവദിക്കും. ഇന്ത്യ-ഇന്തോനേഷ്യ സമഗ്ര തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും, ഇരുരാജ്യങ്ങളും തമ്മിലെ ദീർഘകാല സൗഹൃദം ശക്തിപ്പെടുത്താനും സന്ദർശനം സഹായിക്കുമെന്നാണ് പ്രതീക്ഷ.

✪✪✪

ഡോ. ശ്യാമപ്രസാദ് മുഖർജി മഹാനായ ദേശസ്നേഹിയും ഇന്ത്യയുടെ അഖണ്ഡതയ്ക്കായി സമർപ്പിതനായ ദാർശനികനുമായിരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഡോ. മുഖർജിയുടെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച വീഡിയോ സന്ദേശത്തിലാണ്, ആധുനിക ഇന്ത്യയെ നയിക്കുന്നതിൽ ഡോ.മുഖർജിയുടെ പങ്കിനെക്കുറിച്ച് പ്രധാനമന്ത്രി സൂചിപ്പിച്ചത്.

സ്വതന്ത്രഭാരതത്തിലെ ആദ്യത്തെ വ്യവസായ മന്ത്രിയായിരുന്ന ഡോ.മുഖർജിയുടെ സാമ്പത്തിക ദീർഘവീക്ഷണം, രാജ്യത്തിന്റെ റെയിൽവേ, കാർഷിക - ഊർജ്ജ - സാമ്പത്തിക മേഖലകളെ വിജയകരമായി ശക്തിപ്പെടുത്തിയെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഡോ.ശ്യാമപ്രസാദ് മുഖർജിയുടെ 125-ാം ജന്മവാർഷികം രണ്ട് വർഷത്തെ പരിപാടികളോടെയാണ് ഗവണ്മെന്റ് ആഘോഷിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി സമർപ്പിച്ച ജീവിതമായിരുന്നു ഡോ. ശ്യാമപ്രസാദ് മുഖർജിയുടെതെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ന്യൂഡൽഹിയിൽ, ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ 125-ാം ജന്മവാർഷിക പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

വിദേശകാര്യമന്ത്രി ഡോ.S.ജയ്ശങ്കർ ബഹ്റൈനിൽ രാജാവ് ഹമദ് ബിൻ ഇസ അൽ ഖലീഫയുമായി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് ഉൾപ്പെടെ ഇരുരാജ്യങ്ങളും ചർച്ച ചെയ്തു.

കുവൈത്തും, ഒമാനും ഉൾപ്പെടുന്ന നാല് രാഷ്ട്ര ഗൾഫ് സന്ദർശനത്തിന്റെ രണ്ടാം പാദത്തിലാണ് ജയ്ശങ്കർ ബഹ്റൈനിൽ എത്തിയത്. രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെയും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും ആശംസ ജയ്ശങ്കർ രാജാവിനെ അറിയിച്ചു.

ബഹ്റൈനിലെ ഇന്ത്യൻ സമൂഹവുമായും വിദേശകാര്യമന്ത്രി സംവദിച്ചു.

✪✪✪

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട 30 കോടി ആളുകളുടെ ജീവിതത്തിൽ സഹകരണ മന്ത്രാലയം, പുതിയ ഊർജ്ജം പകർന്നതായി കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു. ന്യൂഡൽഹിയിൽ സഹകരണ മന്ത്രാലയത്തിന്റെ അഞ്ചാമത് സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രധാനമന്ത്രി നരേന്ദ്രമോദി രൂപീകരിച്ച മന്ത്രാലയം, സഹകരണ മേഖലയെ ആധുനികവും സുതാര്യവും സാങ്കേതികവിദ്യയിൽ അധിഷ്ഠിതവും മത്സര ക്ഷമവുമായ ഒന്നാക്കി മാറ്റിയെന്നും അമിത്ഷാ പറഞ്ഞു.

സഹകരണ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ തിരിച്ചറിയുകയും, അവ പരിഹരിക്കുന്നതിനും മേഖലയുടെ വികസനത്തിനുമായി സമഗ്ര കർമ്മപദ്ധതി തയ്യാറാക്കുകയും, മുഴുവൻ സംവിധാനത്തെയും ആധുനികവൽക്കരിക്കുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കുകയും ചെയ്തതായി അദ്ദേഹം വ്യക്തമാക്കി.

✪✪✪

ഏകദേശം നാലര ബില്യൺ ഡോളർ കയറ്റുമതി ചെയ്യുന്ന ഇന്ത്യയുടെ തുകൽ, പാദരക്ഷ മേഖലയ്ക്ക് ഗണ്യമായ വളർച്ചാ സാധ്യതയുണ്ടെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ന്യൂഡൽഹിയിൽ കൗൺസിൽ ഫോർ ലെതർ എക്സ്പോർട്ട്സിന്റെ നാഷണൽ എക്സ്പോർട്ട് എക്സലൻസ് പുരസ്ക്കാരവിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ തുകൽ കയറ്റുമതിയുടെ 77 ശതമാനവും 15 രാജ്യങ്ങളിലേക്കാണ്. പാദരക്ഷകൾ കൂടാതെ ബാഗുകൾ, വാലറ്റുകൾ, ജാക്കറ്റുകൾ, വസ്ത്രങ്ങൾ, എന്നിവയിലേക്ക് സാധ്യതകൾ വ്യാപിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

ചില മെഡിക്കൽ സ്റ്റോറുകൾ വഴി വിവിധ രൂപങ്ങളിൽ മയക്കുമരുന്നുകൾ അനധികൃതമായി വിതരണം ചെയ്യുന്നതായി പൊലീസിന് വിവരം ലഭിച്ചിട്ടുണ്ടെന്നും, ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ശക്തമായ പരിശോധനയും കർശന

നിയമനടപടിയും സ്വീകരിക്കുമെന്നും മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ലഹരിവ്യാപനത്തിന് വഴിയൊരുക്കുന്ന ഒരു സ്ഥാപനത്തോടും വിട്ടുവീഴ്ച ചെയ്യില്ലെന്നും, കുറ്റക്കാരെന്ന് കണ്ടെത്തുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ പരമാവധി ശിക്ഷ ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഡെമോക്രാറ്റിക് സോഷ്യൽ മൂവ്മെന്റ് തിരുവനന്തപുരം പ്രസ്സ്ക്ലബ്ബ് ഹാളിൽ സംഘടിപ്പിച്ച കെ.കരുണാകരൻ അനുസ്മരണത്തിൽ പങ്കെടുക്കുകയായിരുന്നുഅദ്ദേഹം. സംഘടനയുടെ കർമ്മശ്രേഷ്ഠ പുരസ്ക്കാരം മന്ത്രി രമേശ് ചെന്നിത്തലയ്ക്ക് ഹൈക്കോടതി റിട്ട.ജഡ്ജി ജസ്റ്റിസ് B. കെമാൽ പാഷ സമ്മാനിച്ചു.

✪✪✪

ലഹരിക്കെതിരായ ജനകീയ ദൗത്യം ഓപ്പറേഷൻ തൂഫാന് പിന്തുണ പ്രഖ്യാപിച്ച് ഇന്ന് കൊല്ലത്ത് സംഘടിപ്പിക്കുന്ന 'ജ്വാല 2026' പരിപാടിയിൽ രണ്ടായിരത്തോളം വനിതകൾ പങ്കെടുക്കും. മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. കൊല്ലം സിറ്റി പോലീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സംഗമത്തിൽ മന്ത്രിമാരായ പി.സി വിഷ്ണുനാഥ്, ബിന്ദുകൃഷ്ണ, ഷിബു ബേബി ജോൺ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് ഉത്പാദനം വർധിപ്പിക്കുന്നതിനും പ്രസരണ-വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടി ഊർജിതമാക്കുമെന്ന് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. കോഴിക്കോട് ചേർന്ന ജില്ലയിലെ ജനപ്രതിനിധികളുടെയും KSEB ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

KSEB യിലെ പ്രശ്നങ്ങളും വികസന പദ്ധതികളുടെ പുരോഗതിയും കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിന് ജനപ്രതിനിധികളെയും KSEB ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മൂന്ന് മാസത്തിലൊരിക്കൽ ജില്ലാതല അവലോകന യോഗം സംഘടിപ്പിക്കാനും മന്ത്രി നിർദേശം നൽകി.

✪✪✪

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ബ്ലീച്ചിംഗ് പൗഡർ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായ ആക്ഷേപങ്ങൾ അന്വേഷിക്കാൻ മന്ത്രി കെ.മുരളീധരൻ നിർദ്ദേശം നൽകി. മാർച്ച് 11-നും

മേയ് ആറിനും ഇടയിലെ ബ്ലീച്ചിംഗ് പൗഡർ പർച്ചേസിലൂടെ 7 കോടി 32 ലക്ഷം രൂപയുടെ അനാവശ്യ ചെലവ് ഉണ്ടായെന്ന മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിലാണ് മന്ത്രി, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയത്. വിശദമായ അന്വേഷണ റിപ്പോർട്ട് ഒരാഴ്ചയ്ക്കകം സമർപ്പിക്കാൻ മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ആരോഗ്യവകുപ്പിലെ പർച്ചേസ് സംബന്ധിച്ച് പത്തുവർഷത്തെ ഇടപാടുകളിൽ വിശദ റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ക്രമക്കേട് കണ്ടെത്തിയാൽ വിജിലൻസ് അന്വേഷണം നടത്തുമെന്നും മന്ത്രി കെ. മുരളീധരൻ പറഞ്ഞു. കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിലെ പോരായ്മകൾ പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും, ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും മന്ത്രി കൊല്ലത്ത് അറിയിച്ചു.

✪✪✪

മത്സ്യത്തൊഴിലാളികളുടെ റേഷൻ വിതരണത്തിൽ കാലതാമസം ഉണ്ടായിട്ടില്ലെന്ന് മന്ത്രി V.E അബ്ദുൽ ഗഫൂർ കോഴിക്കോട് പറഞ്ഞു. സമാശ്വാസ തുകയുടെ ആദ്യ ഗഡു ജൂണിൽ തന്നെ നൽകിയെന്നും, രണ്ടാം ഗഡു ഈ മാസം അവസാനത്തോടെ വിതരണം ചെയ്യാനാകുമെന്നും മന്ത്രി അറിയിച്ചു. പ്രധാന ഫിഷിങ് ഹാർബറുകളായ പുതിയാപ്പ, വെള്ളയിൽ എന്നിവിടങ്ങളിൽ മന്ത്രി സന്ദർശനം നടത്തി.

✪✪✪

PM ശ്രീ വിഷയത്തിൽ മന്ത്രിസഭാ ഉപസമിതി രണ്ടുതവണ യോഗം ചേർന്നതായും, ഒരു മാസത്തിനകം വിഷയത്തിൽ അഭിപ്രായം പറയുമെന്നും മന്ത്രി N ഷംസുദ്ദീൻ കോഴിക്കോട്ട് പറഞ്ഞു. മലബാറിലെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം വർധിപ്പിക്കുമെന്നും, 120 താൽക്കാലിക ബാച്ചുകൾ ആരംഭിക്കാൻ തീരുമാനിച്ചതായും, ഇതോടെ ഏഴായിരത്തോളം അധിക സീറ്റുകൾ ലഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന്

മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരളം - ലക്ഷദീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് നാളെ വരെയും മീൻ പിടുത്തതിന് വിലക്ക് ഏർപ്പെടുത്തി.

✪✪✪

കേന്ദ്ര ഗവണ്മെന്റിന്റെ റാംപ് പദ്ധതിക്ക് കീഴിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിന് കൊച്ചിയിലെ I.C.A.R -സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും, എറണാകുളത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റും ധാരണാപത്രം ഒപ്പുവെച്ചു. മന്ത്രി V.E.അബ്ദുൾ ഗഫൂറിന്റെ സാന്നിധ്യത്തിലാണ് ധാരണാപത്രം കൈമാറിയത്.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ പോർച്ചുഗലിനെ തകർത്ത് സ്പെയിൻ ക്വാർട്ടറിൽ പ്രവേശിച്ചു. എതിരില്ലാത്ത ഒരു ഗോളിനാണ് സ്പെയിന്റെ ജയം.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

........വോയ്സ്..........

USA, ബെൽജിയം മത്സരം പുരോഗമിക്കുകയാണ്. രാത്രി ഒൻപതരയ്ക്ക് അർജ്ജന്റീന, ഈജിപ്തിനെ നേരിടും.

✪✪✪

2026-27 അധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശത്തിന് ഓൺലൈനായി ഓപ്ഷൻ നൽകാൻ അവസാന സമയം ഉച്ചയ്ക്ക് 12 വരെ ദീർഘിപ്പിച്ചു. വിശദവിവരങ്ങൾ അടങ്ങിയ വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in-ൽ ലഭ്യമാണ്.

✪✪✪

തിരുവനന്തപുരം കഴക്കൂട്ടം സൈനിക സ്കൂളിൽ കേഡറ്റുകളുടെ സ്ഥാനാരോഹണ ചടങ്ങ് സംഘടിപ്പിച്ചു. കേരള, ലക്ഷദ്വീപ് NCC ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ജനറൽ, മേജർ ജനറൽ അരുൺ C.G മുഖ്യാതിഥിയായി.

✪✪✪

കുടുംബശ്രീ 'പുനർജ്ജ്വാല' സംസ്ഥാനതല ക്യാമ്പയിന് തുടക്കമായി. കുടുംബശ്രീ'യുടെ കീഴിലെ സൂക്ഷ്മസംരംഭങ്ങളെ കൂടുതൽ മത്സര ക്ഷമവും സാമ്പത്തിക സുസ്ഥിരതയുമുള്ള ബിസിനസ് സംരംഭങ്ങളാക്കി വളർത്തുന്നതിനും, സംരംഭകരുടെ വരുമാനം ഗണ്യമായി വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ.

പ്രവർത്തനക്ഷമത കുറഞ്ഞതും പരിമിതമായ വരുമാനം മാത്രം ലഭ്യമാകുന്നതുമായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുകയും, വളർച്ചാ സാധ്യതാ സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുകയും ചെയ്യുന്ന സമഗ്ര ഇടപെടലാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്.

✪✪✪

കേന്ദ്രഗവണ്മെന്റ് നടപ്പിലാക്കുന്ന പദ്ധതികൾക്കും നയങ്ങൾക്കുമെതിരെ അടിസ്ഥാന രഹിതമായ എതിർപ്പുകൾ ഉയർത്തുന്ന സംസ്ഥാനമായി കേരളം മാറിയെന്ന് BJP ദേശീയ നിർവ്വാഹക സമിതി അംഗം P.K കൃഷ്ണദാസ് പറഞ്ഞു ഡോ.ശ്യാമപ്രസാദ് മുഖർജിയുടെ 125-ാം ജന്മദിനത്തോടനുബന്ധിച്ച് BJP കോഴിക്കോട് സിറ്റി കമ്മറ്റി സംഘടിപ്പിച്ച പ്രവർത്തക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

---

*News Editor പി ചന്ദ്രബാബു*
*News Reader: ശരണ്യ രാജൻ*
*News Team: സബിത കെ*
*DEO: ഷീബ*